ടൈപ്പിസ്റ്റ് തസ്തികയിൽനിന്ന് തസ്തികമാറ്റംവഴി അസിസ്റ്റന്റായി നിയമനം ലഭിച്ചവർ

50 (7609) ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിൽ ടൈപ്പിസ്റ്റ് തസ്തികയിൽനിന്ന് തസ്തികമാറ്റംവഴി അസിസ്റ്റന്റായി എത്രപേർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ; അവരുടെ പേരുവിവരവും അവർക്ക് തസ്തികമാറ്റംവഴി നിയമനം നൽകിയ ഉത്തരവിന്റെ വിശദാംശവും അറിയിക്കുമോ ?

ഉത്തരം

ടൈപ്പിസ്റ്റ് തസ്തികയിൽനിന്ന് തസ്തികമാറ്റംവഴി അസിസ്റ്റന്റ് തസ്തികയിൽ 23 പേർ പൊതുഭരണ സെക്രട്ടേറിയറ്റിൽ ജോലി ചെയ്തുവരുന്നു. ഇതിൽ 10 പേർ അസിസ്റ്റന്റുമാരും 13 പേർ അസിസ്റ്റന്റ് ട്രെയിനിമാരുമാണ്. അവരുടെ പേരുവിവരവും അവർക്ക് തസ്തികമാറ്റംവഴി നിയമനം നൽകിയ ഉത്തരവിന്റെ വിശദാംശവും അനുബന്ധം 1, 2 എന്നിവയായി ചേർത്തിരിക്കുന്നു.*

ജീവനക്കാർക്ക് മാതൃവകുപ്പിലേക്ക് പുനർനിയമനം

51 (7610) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം ജീവനക്കാർക്ക് ലഭിക്കേണ്ട പേരന്റ് ഡിപ്പാർട്ടുമെന്റിലെ പുനർനിയമനം താമസിപ്പിക്കുന്നതും അനാവശ്യമായ കോടതി വ്യവഹാരങ്ങളിലേക്ക് എത്തിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എല്ലാ വകുപ്പുമേധാവികൾക്കും ഇതുസംബന്ധിച്ച പുതിയ സ്പഷ്ടീകരണ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കെഎസ്. & എസ്എസ്ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിൽ തിരികെവരുന്നതിന് ഒരു ജീവനക്കാരൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരമുള്ള ഒരപേക്ഷ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നത് വകുപ്പുമേധാവിയുടെ വിവേചനാധികാരപ്രകാരമാണോ ; ആണെങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) അല്ലെങ്കിൽ ഇത്തരം കേസ്സുകളിൽ ബോധപൂർവ്വം കുറ്റകരമായ കാലതാമസം വരുത്തുന്ന വകുപ്പുമേധാവികൾക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്നറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly